**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ഡോ. വി. ബാലകൃഷ്ണൻ)**

---

വിഷയം:- കെ.എസ്.ബി.ബി.- 'പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ' പദ്ധതി ബോർഡിന്റെ മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ ബി.എം.സി.കൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാങ്കേതിക വിഭാഗം**

നം. എ8/150/2024/കെ.എസ്.ബി.ബി. തിരുവനന്തപുരം, 16-01-2025

---

പരാമർശം:- കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20(15).

**<u>ഉത്തരവ്</u>**

സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (15) പ്രകാരം ബി.എം.സി. കൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലെ (പി.ബി.ആർ.) വിവരങ്ങളെ ആസ്പദമാക്കി, ജൈവവൈവിധ്യ ബോർഡുമായി കൂടിയാലോചിച്ച് ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി പ്രാദേശികതലത്തിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനും പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഈയൊരു ഉദ്ദേശ്യത്തോടുകൂടിയാണ് **'പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ (LBSAP)'** പദ്ധതിയ്ക്ക് ബോർഡ് നേതൃത്വം നൽകുന്നത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കൾ മുഖേനയാണ് ടി പദ്ധതി ബോർഡ് നടപ്പിലാക്കുന്നത്. കൂടാതെ, 2030 നകം നടപ്പിലാക്കേണ്ട കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF), 2023 ൽ ഭേദഗതി വരുത്തിയ ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ എന്നിവ പ്രകാരമുള്ള 23 ലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ കൈവരിക്കുന്നതിന് സഹായകമാകുംവിധത്തിലാണ് LBSAP തയ്യാറാക്കൽ പദ്ധതി ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവരശേഖരണ ഫോറങ്ങൾ സഹിതമുള്ള വിശദമായ മാർഗ്ഗരേഖ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാവണം ബി.എം.സി. കൾ LBSAP തയ്യാറാക്കേണ്ടത്.

**പ്രവർത്തനരീതി:-**

1. മേൽനോട്ടം:- തദ്ദേശസ്വയംഭരണസ്ഥാപന ഭരണസമിതി, ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്.
2. നിർവ്വഹണം:- ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.)
3. നിർവ്വഹണോദ്യോഗസ്ഥൻ:- തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി (മെമ്പർ സെക്രട്ടറി, ബി.എം.സി.)
4. വിദഗ്ദ സമിതി:- കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വനം, വിദ്യാഭ്യാസം തുടങ്ങിയ

അനുബന്ധ വകുപ്പുകൾ/ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ.

5. സന്നദ്ധസംഘം:- ബി.എം.സി. യുടെയും, വിദഗ്ദ സമിതിയുടെ നേതൃത്വത്തിൽ ആവശ്യമായ വിവരശേഖരണത്തിലൂടെ അവസ്ഥാ വിശകലനം നടത്തി, പ്രാദേശികതല കർമ്മപദ്ധതി തയ്യാറാക്കുന്നതിന് 10 പേരടങ്ങുന്ന സന്നദ്ധ സംഘത്തെ തിരഞ്ഞെടുക്കൽ.
6. കോർഡിനേറ്റർ:- പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ബി.എം.സി. കോർഡിനേറ്റർ/ സന്നദ്ധ സംഘാംഗങ്ങളിൽ നിന്നും ബി.എം.സി. നിർദ്ദേശിക്കുന്ന ഒരാളെ കോർഡിനേറ്ററായി തിരഞ്ഞെടുക്കാവുന്നതാണ്.
7. പരിശീലനം:- ജില്ലാതല/ സംസ്ഥാനതല പരിശീലനം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകുന്നതാണ്.
8. വിവരശേഖരണം:- പ്രാഥമികതലം, ദ്വിതീയതലം.
9. അവസ്ഥാ വിശകലനം, കർമ്മപദ്ധതി തയ്യാറാക്കൽ:- മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട ഫോറങ്ങൾ പ്രകാരം അവസ്ഥാ വിശകലനം നടത്തി, ബി.എം.സി., വിദഗ്ദ സമിതി, സന്നദ്ധ സംഘം എന്നിവർ സംയുക്തമായി ജില്ലാതല ടി.എസ്.ജി.യുടെ സഹകരണത്തോടെ കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്.
10. അംഗീകാരം നൽകൽ:- പ്രാദേശികതലത്തിൽ തയ്യാറാക്കിയ ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി ബി.എം.സി. അംഗീകരിച്ച ശേഷം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമർപ്പിക്കേണ്ടതാണ്.
11. കർമ്മപദ്ധതി നടപ്പിലാക്കൽ:- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും, അനുബന്ധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി സമയബന്ധിതമായി കർമ്മപദ്ധതി നടപ്പിലാക്കൽ.
12. കാലയളവ്:- 6 മാസം.
13. പദ്ധതി ചെലവ്:- ആകെ 1 ലക്ഷം രൂപ

മേൽപ്പറഞ്ഞ പ്രകാരം സംസ്ഥാന ജൈവവവൈവിധ്യ ബോർഡ് തയ്യാറാക്കിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ LBSAP തയ്യാറാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ബി.എം.സി.കൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. വിശദമായ മാർഗ്ഗരേഖ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ് സൈറ്റിൽ (www.keralabiodiversity.org), https://keralabiodiversity.org/?page_id=5934 എന്ന ലിങ്കിൽ ലഭ്യമാണ്.

Signed by
V Balakrishnan
Date: 17-01-2025 13:00:12

**മെമ്പർ സെക്രട്ടറി**

പകർപ്പ്:-

1. DBCC കൺവീനർമാർക്ക് (എല്ലാ ജില്ലകളിലെയും)
2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും/ ബി.എം.സി.കൾക്കും.
3. കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർമാർ, എല്ലാ ജില്ലകളിലെയും
4. ചെയർമാന്റെ സി.എ.